LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതിയിൽപ്പെട്ട പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ

16 [*127] ശ്രീ. രാജു എബ്രഹാം:
,, വി. കെ. ചന്ദ്രൻ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പിന്നോക്ക വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലവും വൈദ്യുതിയും എത്താത്ത എത്ര കോളനികളുണ്ട്;

(സി) ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്തതിനാൽ ഛർദ്ദി, അതിസാരം, കോളറ എന്നിവ പിടിപെട്ട് ദുരിതത്തിലായ കോളനി നിവാസികളുടെ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുമോ?

പട്ടികസമുദായ ക്ഷേമവും യുവജന സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) ഉണ്ട്.

(ബി) ശുദ്ധജലം ലഭ്യമല്ലാത്ത 1168 കോളനികളും വൈദ്യുതി ലഭ്യമല്ലാത്ത 1626 കോളനികളും ഉണ്ട്.

(സി) ഇല്ല.

(ഡി) നടപടികൾ സ്വീകരിച്ചു വരുന്നു.

ഹവാല പണമിടപാടുകളെക്കുറിച്ചുള്ള അന്വേഷണം

17 [*128] ശ്രീ. മത്തായി ചാക്കോ:
,, കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലേക്ക് കടത്തിയ ഹവാല പണമിടപാടുകളെക്കുറിച്ചുള്ള അന്വേഷണം സംസ്ഥാന സർക്കാർ നടത്തുന്നുണ്ടോ;

(ബി) എങ്കിൽ ഏതുരീതിയിലുള്ള അന്വേഷണമാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ;